LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2005 ജൂലായ് 12, ചൊവ്വ

വാല്യം CXXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7

നിയമസഭ 2005 ജൂലായ് മാസം 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മിസ്റ്റർ സ്പീക്കർ : ഓർഡർ, ഓർഡർ.....ചോദ്യം നമ്പർ.....*125

മെഡിക്കൽ കോളേജുകളിലെ സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ നടപടി

*1. [125] ശ്രീ. ടി. കെ. ദേവകുമാർ :

,, മത്തായി ചാക്കോ :

,, കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളുടെ വികസനത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിൽ വിലപിടിപ്പുള്ള ഉപകരണങ്ങളും നിലവിലുള്ള സംവിധാനങ്ങളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ലക്ഷക്കണക്കിനു രൂപ വിലയുള്ള ഉപകരണങ്ങൾ ഉപയോഗിക്കപ്പെടാതെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ കിടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) : സർ,

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെയും ആശുപത്രികളുടെയും വികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപടികൾ സ്വീകരിച്ചുവരികയാണ്. സർക്കാരിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഏറ്റെടുക്കാവുന്ന വികസനപദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. എന്നിരുന്നാലും നിലവിലുള്ള മെഡിക്കൽ കോളേജാശുപത്രികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കേന്ദ്രസഹായം ലഭ്യമാക്കുകയും ഹഡ്കോയിൽ നിന്നും നബാർഡിൽ നിന്നും ധനസഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള പദ്ധതികൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൃശ്ശൂർ, തിരുവനന്തപുരം എന്നീ ആശുപത്രികളിൽ ക്യാൻസർ രോഗ ചികിൽസയ്ക്കായി യഥാക്രമം 1.20 കോടി രൂപയും 3 കോടി രൂപയും ഇതിനോടകം തന്നെ കേന്ദ്രസഹായമായി ലഭ്യമായിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് അത്യാവശ്യം വേണ്ട ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിലെ ട്രോമാ കെയർ സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിന് യഥാക്രമം 1.42 കോടി രൂപയും 2.44 കോടി രൂപയുടേയും പദ്ധതി കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച് ഫണ്ട് അനുവദിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽകോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനായി 9 കോടി രൂപയുടെയും തിരുവനന്തപരും മെഡിക്കൽ കോളേജിലെ തൊറാസിക് സർജറി വകുപ്പ് നവീകരിക്കുന്നതിനായി ഒരു കോടി രൂപയുടെയും കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം മെഡിക്കൽകോളേജിലെ മാലിന്യ സംസ്കരണത്തിനായി 85 ലക്ഷം രൂപയുടെ പദ്ധതി കേന്ദ്രം അംഗീകരിച്ച് നടപ്പിലാക്കിവരുന്നു. മെഡിക്കൽകോളേജുകളിലെ സൈക്യാട്രി വിഭാഗം നവീകരിക്കുന്നതിന്റെ ഭാഗമായി ഒരു കോടി ആറു ലക്ഷം രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരത്തിന് 11,90,525 രൂപയും തൃശ്ശൂരിന് 11,16,500 രൂപയും കോഴിക്കോടിന് 9,70,125 രൂപയും അനുവദിച്ചിട്ടണ്ട്. കോഴിക്കോട് മെഡിക്കൽകോളേജിൽ 4.50 കോടി രൂപയുടെ എം. ആർ. ഐ. സ്കാനിംഗിനുള്ള മെഷീൻ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു. തിരുവനന്തപുരത്തും 4.50 കോടി രൂപയുടെ എം. ആർ. ഐ. സ്കാനിംഗിനുള്ള മെഷീൻ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ മെഡിക്കൽകോളേജുകളിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നുണ്ട്. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) സംസ്ഥാനത്തെ വിവിധ മെഡിക്കൽകോളേജുകളിലെ വിലപിടിപ്പുള്ള ഉപകരണങ്ങളും നിലവിലുള്ള സംവിധാനങ്ങളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുണ്ട്.

(ഡി) ചില ഉപകരണങ്ങൾ കേടുപാടു കാരണം ഉപയോഗിക്കപ്പെടാതെ കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഉപകരണങ്ങൾ റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കുന്നതിനും റിപ്പയർ ചെയ്യാൻ പറ്റാത്തവ നീക്കം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. ദേവകുമാർ : സർ, ചോദ്യം ബി-യുടെ മറുപടിയിൽ പറഞ്ഞ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഞാൻ ചോദിക്കുകയാണ്, കഴിഞ്ഞ ദിവസം കായംകുളത്തുനിന്ന് ഷാൻ എന്ന കുട്ടിയുടെ കാലിൽ ഗ്രനേഡ് തറച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിൽ കൊണ്ടുവന്നു. അയാളുടെ മുട്ടുചിരട്ടയിൽ ഗ്രനേഡ് കയറി. തിരുവനന്തപുരത്ത് അയാൾക്ക് ഓപ്പറേഷൻ ചെയ്തു. അഞ്ചാമത്തെ ദിവസം അവിടെ നിന്ന് എറണാകുളത്ത് പ്രൈവറ്റ് ആശുപത്രിയിൽ കൊണ്ടുപോയി രണ്ടാമത് ഓപ്പറേഷൻ ചെയ്തപ്പോഴാണ് അറിയുന്നത്, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഓപ്പറേഷൻ ചെയ്തപ്പോൾ ഗ്രനേഡിന്റെ ഒരു ചീള് അകത്തു വച്ചുകൊണ്ടാണ് കുത്തിക്കെട്ടിയതെന്ന്. ഇവിടത്തെ അടിസ്ഥാനസൗകര്യങ്ങൾ മുഴുവൻ ഉപയോഗിക്കുന്നു എന്ന് മറുപടി എഴുതിത്തന്ന ഉദ്യോഗസ്ഥന്മാരോട് ഈ കാര്യം ഒന്ന് വെരിഫൈ ചെയ്യാൻ അങ്ങ് നിർദ്ദേശം കൊടുക്കണം. എന്റെ ചോദ്യം, സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്കുള്ള വികസനപദ്ധതികളെ സംബന്ധിച്ച് അങ്ങ് വിശദീകരിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികൾപോലും കാര്യമായി ഇല്ലാത്ത ഒരു ജില്ലയാണ് ആലപ്പുഴ ജില്ല. അവിടെ ഒരു മെഡിക്കൽ കോളേജുണ്ട്. ആ മെഡിക്കൽകോളേജിന്റെ വികസനത്തെ സംബന്ധിച്ചും അത് വണ്ടാനത്തേക്ക് ഷിഫ്റ്റ് ചെയ്യുന്നതിനെ സംബന്ധിച്ചുമുള്ള പ്രശ്നമുണ്ട്. ഗണപതിയുടെ കല്യാണം പോലെയാണ് നമ്മുടെ മെഡിക്കൽകോളേജിന്റെ വികസനം ഇപ്പോൾ നടക്കുന്നത്. ഇതിനെ സംബന്ധിച്ച് ഒരു വാക്കെങ്കിലും ഈ മറുപടിയിൽ പറയണമായിരുന്നു. കേരളത്തിൽ ഏറ്റവും കുറച്ച്, ആതുര ശുശ്രൂഷാ കേന്ദ്രങ്ങളുള്ള ഒരു ജില്ല എന്ന നിലയിൽ ആലപ്പുഴ മെഡിക്കൽകോളേജിന് മേൽപ്പറഞ്ഞ മറുപടിയിൽപ്പോലും ഒരു രൂപ ഉൾപ്പെടുത്തി എന്നു പറഞ്ഞിട്ടില്ല. എന്താണ് ആലപ്പുഴ മെഡിക്കൽകോളേജ് വണ്ടാനത്തേക്ക് ഷിഫ്റ്റ് ചെയ്യുന്നതിനും അത് വികസിപ്പിക്കുന്നതിനും ഇപ്പോൾ സർക്കാർ തയ്യാറാക്കി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിപാടികൾ എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, ആലപ്പുഴ മെഡിക്കൽ കോളേജ് വണ്ടാനത്തേക്ക് മാറ്റുന്നതിനുള്ള നടപടികൾ ധൃതഗതിയിൽ നടന്നു വരുകയാണ്. ഇപ്പോൾ പീഡിയാട്രിക് വിഭാഗം മാറ്റിയിട്ടുണ്ട്. ഒഫ്താൽമോളജി

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ട്മെന്റും ടി. ബി. ആന്റ് ചെസ്റ്റ് ഡിസീസസ് ഡിപ്പാർട്ട്മെന്റും രണ്ടുമൂന്നു മാസത്തിനുള്ളിൽ മാറ്റാനുള്ള നടപടികൾ ആയിട്ടുണ്ട്. ബാക്കി കാര്യങ്ങൾക്ക് ബിൽഡിംഗ് കംപ്ലീറ്റ് ചെയ്യണം. ബിൽഡിംഗ് കംപ്ലീറ്റ് ചെയ്തെങ്കിൽ മാത്രമേ നമുക്ക് ബാക്കിയുള്ള ഡിപ്പാർട്ട്മെന്റുകൾ മാറ്റാൻ കഴിയുകയുള്ളു.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഒരു രൂപ പോലും ഉൾക്കൊള്ളിക്കാത്തതുകൊണ്ടാണ് ബിൽഡിംഗ് കംപ്ലീറ്റ് ചെയ്യാൻ പറ്റാത്തതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആ ജില്ലയിലെ എം. എൽ. എ.-മാരുടേയും എം. പി.-മാരുടെയും ഒരു യോഗമെങ്കിലും അങ്ങ് വിളിച്ചുകൂട്ടി ബിൽഡിംഗ് കംപ്ലീറ്റ് ചെയ്യാൻ എന്തെങ്കിലും ഒരു പരിശ്രമം വകുപ്പുമന്ത്രി എന്ന നിലയിൽ നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. ചോദ്യം ഡി-യുടെ മറുപടിയിൽ ഉദ്യോഗസ്ഥന്മാർ എഴുതിത്തന്നിരിക്കുന്നത് വസ്തുതാപരമല്ല. ശ്രീ. കടവൂർ ശിവദാസൻ മന്ത്രിയായിരിക്കുമ്പോൾ ഈ വിഷയത്തെക്കുറിച്ച് പഠിക്കാൻ ഒരു ഡിപ്പാർട്ട്മെന്റ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു എന്നാണ് എന്റെ വിശ്വാസം. ശ്രീ. ഭരത് ഭൂഷൺ ആണ് ആ കമ്മിറ്റിയുടെ ചെയർമാൻ എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ പറയുന്ന ചോദ്യവും ആ കമ്മിറ്റിയുടെ റിപ്പോർട്ടും പരസ്പരവിരുദ്ധമായി വരുന്നു എന്ന വസ്തുത അങ്ങ് പരിശോധിക്കാൻ തയ്യാറാകണം. അങ്ങ് ചുമതലപ്പെടുത്തിയ കമ്മിറ്റിയുടെ റിപ്പോർട്ട് ആരോഗ്യവകുപ്പിന്റെ മുമ്പിലുണ്ട്. അതിനകത്ത് വളരെ ഗൗരവതരമായ ഒരു പ്രശ്നം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വില പിടിപ്പുള്ള ഉപകരണങ്ങൾ വാങ്ങിയിട്ട് വാറണ്ടി പീരീഡ് കഴിയുന്നതിനുവേണ്ടി കവർ പൊട്ടിക്കാതെ കേരളത്തിന്റെ വിവിധ മെഡിക്കൽകോളേജുകളിലും ആശുപത്രികളിലും ഇപ്പോഴും ഇരിപ്പുണ്ട്. അങ്ങനെയുണ്ടെങ്കിൽ അത് വാങ്ങിക്കൂട്ടിയ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, അത് തീർച്ചയായും പരിശോധിക്കാം. അതിൽ എന്തെങ്കിലും ക്രമക്കേടുകൾ നടന്നിട്ടുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കുകയും ചെയ്യും.

ശ്രീ. മത്തായി ചാക്കോ : സർ, ബഹുമാനപ്പെട്ട മന്ത്രി കോഴിക്കോട് മെഡിക്കൽകോളേജിന് സൂപ്പർ സ്പെഷ്യാലിറ്റിക്ക് 9 കോടി രൂപ, എം. ആർ. ഐ.-ക്ക് നാലര കോടി രൂപ, ട്രോമാകെയർ യൂണിറ്റിന് 1.2 കോടി രൂപ എന്നെല്ലാം പറഞ്ഞു. അതു കേൾക്കാൻ വളരെ രസമുള്ള കാര്യമാണ്. നാലു കൊല്ലമായിട്ട് അവിടെ ഒന്നും വന്നിട്ടില്ല. കോഴിക്കോട് മെഡിക്കൽ കോളേജിനോട് അങ്ങ് പ്രത്യേക താൽപ്പര്യം എടുക്കുന്ന ആളാണ്; അതിൽ സന്തോഷമുണ്ട്. പക്ഷെ ഒരു ആക്സിഡന്റുണ്ടായി ഒരാൾ അവിടെ വന്നുകഴിഞ്ഞാൽ ബുദ്ധിമുട്ടാണ്. ആകെ ഒരു ഓപ്പറേഷൻ തിയേറ്റർ മാത്രമാണുള്ളത്. ഡോക്ടർമാരെ പഴി ചാരിയിട്ട് കാര്യമില്ല. എന്റെ മണ്ഡലത്തിലുള്ള ഒരാൾ കാലിൽ കരിങ്കല്ല് വീണ് വന്നിട്ട് ഓപ്പറേഷനുവേണ്ടി ബുദ്ധിമുട്ടി. ഒരു തിയേറ്റർ മാത്രമാണ് അവിടെയുള്ളത്. രാവിലെ മുതൽ ഡോക്ടർമാർ ജോലി ചെയ്യുകയാണ്. മുൻഗണനാക്രമത്തിലാണ് അവിടെ ഓപ്പറേഷൻ നടക്കുന്നത്. ഇവിടെ പറഞ്ഞ തുകയിൽ കുറച്ച് പൈസയെങ്കിലും വിനിയോഗിച്ച് അത്യാവശ്യം വേണ്ട സംവിധാനങ്ങളെങ്കിലും അവിടെ ഏർപ്പെടുത്തണം. മൂന്നു-നാലു ജില്ലകളിൽ നിന്ന് അവിടെ രോഗികൾ

LIBRARY ARCHIVES Kerala Legislative Assembly

വരുന്നുണ്ട്, പ്രത്യേകിച്ച് ആക്സിഡന്റ് കേസുകൾ ധാരാളം വരുന്നുണ്ട്. അതു കൊണ്ട് കോഴിക്കോട് മെഡിക്കൽകോളേജിൽ കാഷ്വാലിറ്റിയെങ്കിലും ശക്തിപ്പെടുത്താനും പുതുതായിട്ട് ഒന്നു-രണ്ട് ഓപ്പറേഷൻ തിയേറ്ററുകൾ ആരംഭിക്കാനും അവിടെ പെർമനന്റായിട്ട് ഡോക്ടർമാരെ നിയോഗിക്കാനുമുള്ള ഒരു സംവിധാനം ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും ചേർന്ന് ഒരുക്കുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, കോഴിക്കോട് മെഡിക്കൽ കോളേജിൽ ഈയടുത്ത കാലത്തായി ധാരാളം വികസനപ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. 23.5 ലക്ഷം രൂപ ചെലവിൽ ലുക്കേമിയ വാർഡ് നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ബ്ലഡ് ബാങ്ക് നവീകരിക്കാൻ 27 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 8 വെന്റിലേറ്ററിൽ മൂന്നെണ്ണം സ്ഥാപിച്ചുകഴിഞ്ഞു. 1.42 കോടി രൂപയുടെ ട്രോമ കെയർ സെന്ററിന്റെ നിർമ്മാണപ്രവർത്തനങ്ങൾ വളരെ താമസിയാതെ തന്നെ പൂർത്തീകരിച്ച് ഉൽഘാടനം ചെയ്യാൻ കഴിയും. ഇമേജ് ഇന്റൻസിഫയർ, എൻഡോസ്കോപ്പിക് സിസ്റ്റം, പോർട്ടബിൾ വെന്റിലേറ്റർ എന്നിവ വാങ്ങിക്കഴിഞ്ഞിട്ടുണ്ട്. 30 ലക്ഷം രൂപ ചെലവിൽ അൾട്രാ സൗണ്ട് സ്കാനറും എക്സ്റേ യൂണിററും സ്ഥാപിച്ചുകഴിഞ്ഞു. അതുപോലെ നഴ്സിംഗ് വിദ്യാർത്ഥികളുടെ ഹോസ്ററൽ, ഡന്റൽകോളേജ് വിദ്യാർത്ഥികളുടെ ഹോസ്ററൽ, മേൽക്കൂരകളുടെ അററകുററപ്പണി തുടങ്ങി കോടിക്കണക്കിന് രൂപയുടെ വികസനപ്രവർത്തനങ്ങൾ ഈയടുത്ത കാലത്ത് നടന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം തീർച്ചയായും പരിശോധിക്കാം.

ശ്രീ. മത്തായി ചാക്കോ : സർ, ഞാൻ ചോദിച്ചതിനുമാത്രം മന്ത്രി മറുപടി പറഞ്ഞില്ല. വേറെ നഴ്സിംഗ് കോളേജിന്റെ കാര്യമൊക്കെ പറഞ്ഞു. അവിടെ കാഷ്വാലിററിയിൽ പുതിയ സംവിധാനമേർപ്പെടുത്തുന്നതിനെപ്പറ്റിയൊന്നും പറഞ്ഞില്ല. അപ്പോൾ അതിന് പ്രതീക്ഷ വേണ്ടെന്നുള്ളതാണ് മനസ്സിലാക്കേണ്ടത്. അവിടത്തെ ജനങ്ങൾക്ക് രോഗിയുമായി അങ്ങോട്ടു പോകുകയല്ലാതെ വേറെ മാർഗ്ഗമൊന്നുമില്ല. കോഴിക്കോട് മെഡിക്കൽ കോളേജ് ഒരു റഫറൽ മെഡിക്കൽ കോളേജാണ്. എന്നാൽ അവിടത്തെ താലൂക്ക് ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും വേണ്ടത്ര സംവിധാനങ്ങളുണ്ടെങ്കിൽ മാത്രമേ റഫറൽ ഹോസ്പിറ്റലിന്റെ ഗുണമുണ്ടാകുകയുള്ളു. അവിടെയെല്ലാം ഡോക്ടർമാരെ നിയോഗിക്കുന്നതിനുള്ള നടപടികൾ ഇടയ്ക്ക് ഉണ്ടാകുമെങ്കിലും പിന്നെ അത് പിൻവലിക്കുകയാണ് പതിവ്. ഉദാഹരണമായി കുറ്റ്യാടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കാര്യമെടുക്കാം. അങ്ങ് ഇന്നലെ അവിടെ പോയതായി ഒരു പത്ര വാർത്ത കണ്ടു. അവിടത്തെ ശോച്യാവസ്ഥയെക്കുറിച്ച് കഴിഞ്ഞ നാലുകൊല്ലത്തിനിടയ്ക്ക് നൂറു മെമ്മോറാണ്ടമെങ്കിലും മാറിമാറി വന്ന മന്ത്രിമാർക്കെല്ലാം കൊടുത്തിട്ടുണ്ട്. അവിടെ ഒരു ഗൈനക്കോളജിസ്റ്റില്ല. ഞാൻ സെക്കന്റ് ഗ്രൂപ്പെടുത്ത് പ്രീഡിഗ്രി പഠിച്ചതാണ്. ഗൈനക്കോളജിയിൽ എന്തെങ്കിലും ഹ്രസ്വകാല കോഴ്സുണ്ടെങ്കിൽ അതിനുചേർന്ന് പഠിക്കാമായിരുന്നു. എന്നാൽ എം. എൽ. എ. മാർക്ക് പ്രസവമെടുക്കാൻ പറ്റില്ലല്ലോ ? ഡോക്ടർമാർ ഇല്ലാത്തതുകൊണ്ട് അവിടെ രോഗികളാകെ ബുദ്ധിമുട്ടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സ്പീക്കർ: അതിനു പോകണ്ട, ശ്രീ. മത്തായി ചാക്കോയുടെ സ്വഭാവമനുസരിച്ച് അപകടം വരും.

ശ്രീ. മത്തായി ചാക്കോ: ഞാൻ മന്ത്രിയോട് അഭ്യർത്ഥിക്കുന്നത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഓഗനക്കോളജിസ്റ്റ് ഉൾപ്പെടെയുള്ള ഡോക്ടർമാരെ നിയോഗിക്കുന്നതിന് എന്തെങ്കിലുമൊരു മാർഗ്ഗം ഉണ്ടാക്കണം എന്നാണ്. നമുക്ക് ആ പണി ചെയ്യാൻ പറ്റില്ലല്ലോ? താലൂക്ക് ആശുപത്രികളേയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളേയും ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? എന്നാൽ മാത്രമേ ഈ റഫറൽ ആശുപത്രികൊണ്ട് പ്രയോജനമുണ്ടാകൂ, അതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതു പോലെ, ബഹുമാനപ്പെട്ട മെമ്പർ പ്രസ്താവമെടുക്കുന്ന സാഹസത്തിന് പോകണ്ട. ഡോക്ടർമാരുടെ acute scarcity ഉണ്ട്. അതൊരു സത്യമാണ്, നമ്മൾ അത് മറച്ചുവച്ചിട്ട് കാര്യമില്ല. ഞാൻ മന്ത്രിയാകുന്നതിനുമുമ്പുള്ള ബഹുമാനപ്പെട്ട മന്ത്രിമാർ ഡോക്ടർമാരെ പോസ്റ്റ് ചെയ്യാനുള്ള നടപടികളൊക്കെത്തന്നെ വളരെ കാര്യക്ഷമമായി നടത്തിയിട്ടുണ്ടെങ്കിലും അത് ഫലപ്രദമായിരുന്നില്ല. ഞാൻ മന്ത്രിയായ ഉടനെ House Surgency കഴിഞ്ഞ 476 ഡോക്ടർമാരെ പോസ്റ്റുചെയ്തു. അങ്ങനെ പോസ്റ്റ് ചെയ്ത ഡോക്ടർമാർ ഹൈക്കോടതിയിൽ പോയി അവരെ റിലീവ് ചെയ്യണമെന്നാവശ്യപ്പെട്ടു. അതിന് അവർ പറഞ്ഞ കാരണം പി. എസ്. സി. ലിസ്റ്റിലുണ്ടെന്നാണ്. ഹൈക്കോടതി അവരെ റിലീവ് ചെയ്യാൻ ഉത്തരവു നൽകി. അതിനുശേഷം Revision Petition ഫയൽ ചെയ്യുകയാണ്. അതിന്റെ നടപടികൾ നീങ്ങിവരികയാണ്. അതിനുശേഷം പി. എസ്. സി. ലിസ്റ്റിൽ നിന്നും 620 ഡോക്ടർമാരെ പോസ്റ്റുചെയ്തു. അതിൽ 213 പേരാണ് ജോയിൻചെയ്തത്. വീണ്ടും 359 ഡോക്ടർമാരെ പോസ്റ്റുചെയ്തു. അതിൽ 159-ൽ താഴെയാണ് ജോയിൻ ചെയ്തത്. 102 ഡോക്ടർമാരെ വീണ്ടും പോസ്റ്റുചെയ്തു. ഈ കഴിഞ്ഞ ആഴ്ച 185 ഡോക്ടർമാരെയും പോസ്റ്റുചെയ്തു. എല്ലാം പി. എസ്. സി. ലിസ്റ്റിൽ നിന്നുമാണ്. പക്ഷേ ജോയിൻചെയ്യുന്നത് 1/3 മാത്രമേയുള്ളൂ. അതുകൊണ്ടാണ് peripheral hospital-കളിൽ ആവശ്യമായിട്ടുള്ള ഡോക്ടർമാർ ഇല്ലാത്തത്.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, നമ്മുടെ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിൽ കോടിക്കണക്കിന് രൂപയുടെ ഉപകരണങ്ങൾ ഉപയോഗശൂന്യമായി കിടക്കുകയാണ്. ഉപയോഗശൂന്യമായി കിടക്കുന്ന അത്തരം ഉപകരണങ്ങൾ നന്നാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുമെന്ന് മന്ത്രി ഇവിടെ മറുപടി പറയുകയുണ്ടായി. അതിനുവേണ്ടി സർക്കാർ തന്നെ 2003 ഡിസംബറിൽ ആരോഗ്യ വകുപ്പു ഡയറക്ടറെ തലവനാക്കിക്കൊണ്ട് Kerala State Hospital Equipement Performance Monitoring Cell രൂപീകരിച്ചിരുന്നു. ആ സെല്ലിന്റെ പ്രവർത്തനം കൊണ്ട് ഏതെല്ലാം മെഡിക്കൽ കോളേജുകളിലും അതുപോലതന്നെ ഹോസ്പിറ്റലുകളിലും കേടായി കിടക്കുന്ന equipements-ന്റെ കേട് തീർത്തുകൊണ്ട് ഉപയോഗപ്രദമായി മാറ്റിയിട്ടുണ്ട് ? അങ്ങനെ മാറ്റിയിട്ടില്ലെങ്കിൽ എന്തു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് എന്നുള്ളതു സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ? എത്ര കോടി രൂപയുടെ equipements ആണ് പ്രവർത്തനക്ഷമമാക്കിയതെന്ന് പറയാൻ മന്ത്രിക്ക് കഴിയുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : അതിന്റെ വിശദമായ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അതിലെ വിവരണം വളരെ കൂടുതലായതുകൊണ്ട് ഇപ്പോൾ വായിക്കാൻ നിവൃത്തിയില്ല. നിരവധി ഉപകരണങ്ങൾ ഇപ്പോഴും കേടായിക്കിടക്കുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. ചിലത് കണ്ടം ചെയ്യേണ്ടതുണ്ട്. കേടായി കിടക്കുന്ന ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, അങ്ങേക്കുകൂടി താല്പര്യമുള്ളതാണ് തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ കാര്യം. തൃശ്ശൂർ മെഡിക്കൽ കോളേജ് തൃശ്ശൂരിൽ നിന്നും മുളങ്കുന്നത്തുകാവിലേക്ക് മാറ്റുമെന്ന് പറയാൻ തുടങ്ങിയിട്ട് കാലമേറെയായി. ഞങ്ങൾ നാട്ടിലൊക്കെ വരുമ്പോൾ അത് എന്നുവരുമെന്നുള്ള രീതിയിലാണ് ആളുകൾ ഞങ്ങളോടൊക്കെ ചോദിക്കുന്നത്. ഈ അടുത്ത ദിവസം തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ആളുകളെല്ലാം അവിടെ വരികയും മെഡിക്കൽ കോളേജ് എത്രയുംപെട്ടെന്ന് അവിടേക്ക് മാറുമെന്ന് പറയുകയുമൊക്കെ ചെയ്തു. പക്ഷേ ഇപ്പോഴും മെഡിക്കൽ കോളേജിന്റെ പ്രവർത്തനം തൃശ്ശൂർ തന്നെയാണ് തുടരുന്നത്. ഇപ്പോൾ താൽക്കാലികമായി ശിശുരോഗ വിഭാഗത്തിന്റെ ഒരു വിംഗ് അങ്ങോട്ടു മാറ്റിയിട്ടുണ്ട്. അതിപ്പോൾ ഏറെ പ്രശ്നമുണ്ടാക്കിയിരിക്കുകയാണ്. ചികിത്സ ഒരു സ്ഥലത്ത് നടത്തിയത് ഇപ്പോൾ മൂന്നു സ്ഥലത്ത് നടത്തേണ്ട സ്ഥിതിയാണ്. അത് മാറ്റാത്തതുകൊണ്ട് രോഗികൾക്കും ഡോക്ടർമാർക്കുമൊക്കെ വലിയ പ്രശ്നമാണ്. തൃശ്ശൂർ മെഡിക്കൽ കോളേജ് എന്ന് മുളങ്കുന്നത്തു കാവിലേക്ക് മാറ്റുമെന്ന് അസന്നിഗ്ദ്ധമായി ഈ സഭയിൽ അങ്ങേക്ക് പറയാൻ കഴിയുമോ ? ആ പറഞ്ഞ കാര്യം നടപ്പിലാക്കാൻ കഴിയുമോ എന്നുള്ള കാര്യം കൂടി അങ്ങ് പറയണം.

മിസ്റ്റർ സ്പീക്കർ: ഇനി date പറയണ്ട. Date already പറഞ്ഞുകഴിഞ്ഞു. ആഗസ്റ്റ് 15 എന്ന് പ്രഖ്യാപിച്ചതല്ലേ ? അത് നടപ്പാക്കാനുള്ള പരിപാടി എന്തെന്ന് പറഞ്ഞാൽ മതി.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ബഹുമാനപ്പെട്ട സ്പീക്കർ തന്നെ ആ കാര്യങ്ങളിൽ വളരെ താത്പര്യം എടുക്കുന്നുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഇനി കാര്യമായി മാറ്റാനുള്ളത് സർജറി വിഭാഗം മാത്രമാണ്. ബാക്കി chest hospital-medicine, psychiatry, neurology, cardiology, nephrology, skin തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളെല്ലാം മാറ്റിക്കഴിഞ്ഞിട്ടുണ്ട്. സർജറിയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളാണ് സർജിക്കൽ വിഭാഗം., അവിടെ എ. സി. പ്ലാന്റിന്റെ പ്രവർത്തനം അല്പം താമസിച്ചതുകൊണ്ടാണ് ഇങ്ങനെ വന്നത്. ഇപ്പോൾ ആവശ്യമായ പേമെന്റൊക്കെ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. പേമെന്റ് ഈ ആഴ്ച കൊടുക്കും. പേമെന്റ് കൊടുത്തുകഴിഞ്ഞാൽ, എ. സി. പ്ലാന്റ് പൂർത്തിയായിക്കഴിഞ്ഞാൽ എത്രയും പെട്ടെന്ന് സർജറി വിഭാഗം കൂടി മാറ്റാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, നേരത്തേ പറഞ്ഞതു തന്നെയാണ്, തൃശ്ശൂർ മെഡിക്കൽ കോളേജ് മാറ്റുന്നു എന്ന് പറഞ്ഞിരുന്നു. ശിശുവിഭാഗം മാറ്റിയെങ്കിലും തൃശ്ശൂർ ജില്ലയെ സംബന്ധിച്ചിടത്തോളം തൃശ്ശൂരും പാലക്കാടുമൊക്കെ ബന്ധപ്പെട്ട് ഇപ്പോൾ പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജിൽ ആവശ്യമായ സംവിധാനങ്ങളില്ലാതെ വന്നിരിക്കുകയാണ്. തൽഫലമായി തൃശ്ശൂർകാർക്ക് മെഡിക്കൽ കോളേജിന്റെ സൗകര്യങ്ങളും അനുഭവിക്കാൻ പറ്റുന്നില്ല, ജില്ലാ ആശുപത്രിയുടെ സൗകര്യങ്ങളും അനുഭവിക്കാൻ പറ്റുന്നില്ല. അതുകൊണ്ട് മെഡിക്കൽ കോളേജിന്റെ മാറ്റം പൂർത്തിയാക്കുന്നതോടുകൂടി മറ്റു സൗകര്യങ്ങൾ കൂടി വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ഞാൻ നേരത്തേ പറഞ്ഞു, സർജിക്കൽ വിഭാഗമാണ് പ്രത്യേകമായി മാറ്റാനുള്ളത്. എ. സി. പ്ലാന്റിന്റെ പണി പൂർത്തിയാകുന്നതോടുകൂടി സർജിക്കൽവിഭാഗം മാറ്റും. അതോടുകൂടി വളരെവേഗംതന്നെ പൂർണ്ണമായി മെഡിക്കൽ കോളേജ് ആശുപത്രിയുടെ എല്ലാ സൗകര്യങ്ങളും മുളങ്കുന്നത്തുകാവിലേക്ക് മാറ്റിയെടുക്കാൻ കഴിയും.

മിസ്റ്റർ സ്പീക്കർ: അതല്ല ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ ചോദിച്ചത്. ഇത് അങ്ങോട്ടു മാറുമ്പോൾ ഇവിടുത്തെ നിലയിൽ തുടങ്ങുമോ എന്നാണ് ചോദിച്ചത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: അത് നമുക്ക് കൂട്ടായി ചർച്ച ചെയ്ത് എന്തുവേണമെങ്കിലും തീരുമാനിക്കാം.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സാർ, കോടികൾ ചെലവഴിച്ചിട്ടും കേരളത്തിലെ മെഡിക്കൽ കോളേജുകളുടെ സ്ഥിതി അത്യന്തം ശോചനീയാവസ്ഥയിലാണ്. വൃത്തിഹീനവും ചികിത്സിക്കാൻ വരുന്ന രോഗികൾക്ക് വീണ്ടും രോഗം പിടിപെടാവുന്ന സാഹചര്യവുമാണ് മെഡിക്കൽ കോളേജിൽ പ്രത്യേകിച്ചും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഈ അടുത്ത ദിവസത്തിലൊക്കെ പോയപ്പോൾ കാണാൻ കഴിഞ്ഞത്. അങ്ങോട്ടുപോകുന്നവർക്കുപോലും രോഗം പിടിപെട്ട് തിരിച്ചുവരുന്ന ഒരു സാഹചര്യമാണുള്ളത്. നമ്മുടെ സംസ്ഥാനം ആരോഗ്യ രംഗത്ത് വളരെ മുന്നേറിയ ഒരു സംസ്ഥാനമാണ്. അങ്ങനെയുള്ള ഒരു സംസ്ഥാനത്ത് ഈ സ്ഥിതി അപമാനകരമാണ്. മെഡിക്കൽ കോളേജിലേക്കു വരുന്ന പാവപ്പെട്ട നിർദ്ധനരായ രോഗികൾക്ക് വരാന്തകളിലും ബാത്ത്റൂമിന്റെ പരിസരത്തുമാണ് കിടക്കേണ്ടി വരുന്നത്. പല പത്രങ്ങളിലും ഇത്തരം പല സംഭവങ്ങളും എടുത്ത് സൂചിപ്പിച്ചിട്ടുള്ളതുമാണ്. ഇതിന് പരിഹാരം കാണുന്നതിന്, പാവപ്പെട്ടവരായ രോഗികൾക്ക് നല്ല ചികിത്സ കിട്ടുന്നതിന്, വൃത്തിയുള്ള സ്ഥലത്ത് കിടത്തി ചികിത്സിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതുണ്ട്. സമയബന്ധിതമായ രീതിയിൽ മെഡിക്കൽ കോളേജുകളിലെങ്കിലും രോഗികൾക്ക് സൗകര്യം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ഇത് ഇപ്പോഴുള്ള ഒരു പ്രതിഭാസമല്ല, വർഷങ്ങളായി നിലനിൽക്കുന്നതാണ്. പുതിയ ഒരു കാര്യം പോലെയാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്. അതുകൊണ്ടുതന്നെ ഗവൺമെന്റ് ഇത് ഗൗരവ

LIBRARY ARCHIVES Kerala Legislative Assembly

മായി കാണുന്നുണ്ട്. അതുകൊണ്ട് കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകളുടെ വികസനത്തിന് ഹഡ്കോയിൽ നിന്നും 44 കോടി രൂപയും അതുപോലെ തൃശ്ശൂർ, ആലപ്പുഴ, കോട്ടയം എന്നീ മെഡിക്കൽ കോളേജ് ആശുപത്രികൾ, കോട്ടയം ഡന്തൽ കോളേജ് ഇവയുടെ വികസനത്തിനായി 124 കോടി രൂപ നബാർഡിൽ നിന്നും കടമെടുക്കാൻ മന്ത്രിസഭ തീരുമാനം എടുത്തുകഴിഞ്ഞിട്ടുണ്ട്. അതിന്റെ follow up നടക്കുകയാണ്. വളരെ താമസിയാതെ അത് കിട്ടിക്കഴിഞ്ഞാൽ നമുക്ക് വളരെവേഗം മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിയെടുക്കാൻ കഴിയും.

ശ്രീ. കെ. മോഹൻ കുമാർ: സർ, വളരെ പരിതാപകരമാണ് നമ്മുടെ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഭരണ സംവിധാനം. പ്രാക്ടീസുള്ള, നല്ല തിരക്കുള്ള ഡോക്ടർമാരാണ് സൂപ്രണ്ടുമാരായി സാധാരണ വരാറുള്ളത്. അതുപോലെ കൃത്യനിർബാഹുല്യമുള്ള കളക്ടർമാരാണ് എച്ച്. ഡി. സി. കളുടെ ചെയർമാൻമാരായിട്ടുള്ളത്. അതുകൊണ്ടുതന്നെ ഓരോ മെഡിക്കൽ കോളേജ് ആശുപത്രികളുടെയും നിലവിലുള്ള സൗകര്യം വേണ്ടത്ര പ്രയോജനപ്പെടുത്തുന്നതിനും കേടാകുന്നതോ കേടാക്കപ്പെടുന്നതോ ആയ സൂക്ഷ്മോപകരണങ്ങൾ യഥാസമയം നന്നാക്കിയെടുക്കുന്നതിനും പബ്ലിക്കുമായി നല്ല relationship maintain ചെയ്യുന്നതിനും ആശുപത്രി അഡ്മിനിസ്ട്രേഷനുകൾ വേണ്ടത്ര വിജയിക്കുന്നില്ല. ഈ മാനേജുമെൻറ് സംവിധാനമൊക്കെ ഇപ്പോൾ ആധുനികമായി കഴിഞ്ഞിരിക്കുന്ന പശ്ചാത്തലത്തിൽ ലക്ഷക്കണക്കിന് രോഗികൾ പ്രതിദിനം എത്തിച്ചേരുന്ന നമ്മുടെ മെഡിക്കൽ കോളേജ് ആശുപത്രികളിലെങ്കിലും മികച്ച ഒരു ഭരണസംവിധാനം ഏർപ്പെടുത്താൻ, മികച്ച ഒരു അഡ്മിനിസ്ട്രേറ്റീവ് സംവിധാനം ഏർപ്പെടുത്താൻ, ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : തീർച്ചയായും അത് പരിശോധിക്കാം.

ശ്രീ. വി. സി. കബീർ: ചാലക്കുടി-വാളയാർ റൂട്ടിൽ ദേശീയ പാതയിൽ പത്തിൽ കുറയാത്ത അപകടങ്ങൾ ദിവസവും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ട്രോമാ കെയർ യൂണിറ്റ് ഇല്ലാത്തതുകൊണ്ട് ആളുകൾക്ക് പ്രൈവറ്റ് ആശുപത്രികളെ സമീപിക്കേണ്ട സാഹചര്യമാണുള്ളത്. അതു പരിഗണിച്ച് തൃശ്ശൂർ മെഡിക്കൽ കോളേജിൽ ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : തീർച്ചയായും അക്കാര്യത്തിൽ ഗവൺമെൻറിന് എന്തു ചെയ്യാൻ കഴിയുമെന്നു പരിശോധിക്കാം.

ശ്രീ. ടി. എൻ. പ്രതാപൻ : നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയാൽ അഡീഷണൽ ഫിനാൻഷ്യൽ കമ്മിറ്റ്മെന്റില്ലാതെ തന്നെ തൃശ്ശൂർ മെഡിക്കൽ കോളേജിൽ പി. ജി. കോഴ്സുകൾ തുടങ്ങാൻ കഴിയുന്നതാണ്. അതിനുവേണ്ടി നിരവധി തവണ ഡിപ്പാർട്ടുമെന്റ് തലത്തിലും ഗവൺമെന്റ് തലത്തിലും അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. അടിയന്തിരമായി തൃശ്ശൂർ മെഡിക്കൽ കോളേജിൽ, ഇന്നുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി, നിലവിലുള്ള ജീവനക്കാരെ ഉപയോഗപ്പെടുത്തി പി. ജി. കോഴ്സ് ആരംഭിക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : അതു പരിശോധിക്കാം.

ശ്രീ. ടി. പി. രാമകൃഷ്ണൻ: മെഡിക്കൽ കോളേജുകളിലെ രോഗികളുടെ ബാഹുല്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. മെഡിക്കൽ കോളേജുകളിലുള്ള ഡോക്ടർമാരുടെയും നഴ്സുമാരുടെയും മറ്റു സ്റ്റാഫുകളുടെയുമെല്ലാം പാറ്റേൺ നിശ്ചയിച്ചിരുന്നത് വർഷങ്ങൾക്കു മുമ്പാണ്. ഓരോ വാർഡിലുമുള്ള ബെഡ് സ്ട്രെങ്ത്തിനേക്കാൾ എത്രയോ കൂടുതൽ രോഗികളാണ് വാർഡുകളിലും വരാന്തകളിലുമായി കിടക്കുന്നത്. ഇവരെ പരിചരിക്കുന്നതിനോ ചികിത്സ നൽകുന്നതിനോ നിലവിലുള്ള സ്റ്റാഫ് ഒരു കാരണവശാലും പര്യാപ്തമല്ല. അതുകൊണ്ട് രോഗികളുടെ ബാഹുല്യവും ആശുപത്രികളിൽ വന്നിട്ടുള്ള മാറ്റവുമെല്ലാം പരിഗണിച്ച്, നിലവിലുള്ള സ്റ്റാഫ്പാറ്റേണിൽ മാറ്റം വരുത്തി, രോഗികൾക്ക് പൂർണ്ണപരിചരണം നൽകാനുള്ള ഒരു സമീപനം സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. പഴയ സ്റ്റാഫ് പാറ്റേണാണ് ഇന്നും നിലവിലുള്ളത്. രോഗികളുടെ എണ്ണം കൂടുന്നതനുസരിച്ച് സ്റ്റാഫ് പാറ്റേണിൽ മാറ്റം വന്നിട്ടില്ല എന്നുള്ളത് ഒരു വസ്തുതയാണ്. വലിയ സാമ്പത്തിക ബാദ്ധ്യത വരുന്ന കാര്യമാണിത്. ഏതെങ്കിലും ഒരു മെഡിക്കൽ കോളേജിലോ ആശുപത്രിയിലോ മാത്രം ചെയ്താൽ പോരാ; മറിച്ച് ഗൗരവമായി ആലോചിക്കേണ്ട കാര്യമാണിത്. ഇന്നത്തെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്ന് പരിശോധിക്കാം. രോഗികളുടെ എണ്ണം കൂടുന്നു എന്നുള്ളതു ഒരു വസ്തുതയാണ്. എല്ലാ രോഗികളും എത്തുന്നത് റഫറൽ ആശുപത്രികളിലാണ്. പെരിഫറലിൽ പോകാൻ ആളുകൾ പലപ്പോഴും തയ്യാറാകുന്നില്ല. കൂടുതൽ വിദഗ്ദ്ധ ചികിത്സ കിട്ടുന്നത് മെഡിക്കൽ കോളേജുകളിലാണെന്നുള്ളതുകൊണ്ട്, ചെറിയ രോഗങ്ങൾക്കുപോലും രോഗികൾ മെഡിക്കൽ കോളേജുകളിൽ എത്തിച്ചേരുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. അതാണ് രോഗികളുടെ എണ്ണം കൂടുന്നതിനുള്ള ഒരു കാരണം. അതു നിയന്ത്രിക്കാൻ നമുക്കാവില്ല.

ശ്രീ. കെ. സി. ജോസഫ്: മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ഇന്നുള്ള സൗകര്യങ്ങൾ പലതും കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഒന്നാം വർഷ എം. ബി. ബി. എസ്.-ന് സീറ്റു കൂട്ടുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അതിന്റെ നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ? സംസ്ഥാനത്തെ ഏതെല്ലാം മെഡിക്കൽ കോളേജുകളിലാണ് സീറ്റ് കൂട്ടാൻ ആലോചിക്കുന്നത്; എത്ര സീറ്റു കൂട്ടാൻ ഉദ്ദേശിക്കുന്നുണ്ട്; ഈ വർഷം ഇക്കാര്യത്തിൽ നടപടിയുണ്ടാകുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : കോട്ടയം, തൃശ്ശൂർ, ആലപ്പുഴ എന്നീ മെഡിക്കൽ കോളേജുകളിൽ 50 സീറ്റു വീതം എം. ബി. ബി.എസ്.-ന് കൂട്ടാനാണ് ഗവൺമെന്റ് തീരുമാനമെടുത്തത്. അതിനാവശ്യമായിട്ടുള്ള പോസ്റ്റ് ക്രിയേഷൻ നടത്തിക്കഴിഞ്ഞു. അതുപോലെ മൂന്നു യൂണിവേഴ്സിറ്റികളുടേയും അഫിലിയേഷനും കിട്ടിക്കഴിഞ്ഞു. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിൽ ടേക്കപ്പ് ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞിട്ടുണ്ട്. സാധാരണയായി പുതിയ സീറ്റുകൾ വർദ്ധിപ്പിക്കാനുള്ള അപേക്ഷകൾ നൽകേണ്ടത് ആഗസ്റ്റു മാസം മുതലാണ്. കഴിഞ്ഞ ആഗസ്റ്റിലാണ് നൽകേണ്ടത്. എന്നാൽ ഈ അടുത്ത കാലത്താണ് സീറ്റു കൂട്ടാൻവേണ്ടി തീരുമാനമെടുത്തത്. യൂണിവേഴ്സിറ്റി അഫിലിയേഷനൊക്കെ കിട്ടി, പോസ്റ്റ് ക്രിയേഷൻ വന്നപ്പോൾ അടുത്ത ആഗസ്റ്റു മാസത്തിൽ മാത്രമേ യഥാർത്ഥത്തിൽ അപേക്ഷ നൽകാൻ കഴിയൂ. കേന്ദ്രമന്ത്രിയെ കണ്ട് ഞാൻ സംസാരിച്ചിട്ടുണ്ട്. പരമാവധി ചെയ്യാൻ കഴിയുന്ന സഹായങ്ങൾ ചെയ്യാമെന്നു പറഞ്ഞിട്ടുണ്ട്. ഈ വർഷം തന്നെ സീറ്റു കൂട്ടുന്നതിനു അനുവാദം തരണമെന്ന് ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിയോടു അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിനു ഞാൻ ഡൽഹിയിൽ പോയി അദ്ദേഹത്തെ കാണാനിരുന്നതാണ്. അപ്പോഴാണ് അവിശ്വാസ പ്രമേയത്തിന്റെ ചർച്ചയുണ്ടെന്നറിഞ്ഞത്. ഈ വർഷംതന്നെ കുട്ടികളെ അഡ്മിറ്റ് ചെയ്യാനുള്ള ശ്രമം നടത്തുന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറഞ്ഞ ഒരു കാര്യം, നിസ്സാരമായ രോഗങ്ങൾ ഉള്ള ആളുകൾ പോലും റഫറൽ ആശുപത്രികളായ മെഡിക്കൽ കോളേജുകളിലേക്ക് പോകാനാണ് ശ്രമിക്കുന്നത് എന്നാണ്. അതിന്റെ കാരണവും അദ്ദേഹം തന്നെ പറഞ്ഞു. നമ്മുടെ താലൂക്കാശുപത്രികളിലും ജില്ലാ ആശുപത്രികളിലും ആവശ്യമായ സജ്ജീകരണങ്ങളും സ്റ്റാഫുകളും മറ്റു സൗകര്യങ്ങളുമില്ലെന്നുള്ള ഒരു ധാരണ ജനങ്ങൾക്കുണ്ട്, അതാണ് നല്ല ചികിത്സ കിട്ടാൻ മെഡിക്കൽ കോളേജുകളിലേക്ക് പോകാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് അതിനുള്ള സംവിധാനമുണ്ടാക്കാൻ ശ്രമിച്ചിട്ട് വളരെ കാലമായി. ഇവിടെ ട്രോമാ കെയർ യൂണിറ്റിനെ സംബന്ധിച്ച് അങ്ങ് പറഞ്ഞു. ശ്രീ. എ. കെ. ആന്റണിയുടെ മന്ത്രിസഭയുടെ കാലത്ത് പാലക്കാട്, തിരൂർ, കൊട്ടാരക്കര എന്നീ സ്ഥലങ്ങളിൽ ദേശീയ പാതകൾ പോകുന്ന വഴിയെന്നുള്ള നിലയിൽ മൂന്നു പുതിയ ട്രോമ കെയർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുവാദം കൊടുത്തിരുന്നു; കാബിനറ്റ് അംഗീകരിച്ചിരുന്നു. പക്ഷേ രണ്ട് വർഷമായിട്ടും യാതൊരു തുടർനടപടിയുമുണ്ടായില്ല. ഈ പ്രദേശങ്ങളിൽ ഒരു അപകടമുണ്ടാകുമ്പോൾ ആ വ്യക്തിയേയും കൊണ്ട് തൃശ്ശൂരോ, കോഴിക്കോടോ എത്തുമ്പോഴേക്കും ഒരു പക്ഷേ ആ വ്യക്തി മരിച്ചിരിക്കും. ദേശീയ പാതയിൽക്കൂടി വളരെ വേഗതയിൽ വാഹനമോടിക്കുന്നതിനാലും, വാഹനങ്ങൾ വളരെ വർദ്ധിച്ചിരിക്കുന്ന ഈ സാഹചര്യത്തിലും, ഇപ്രകാരം അപകടങ്ങൾ ഉണ്ടാകുമ്പോൾ അപകടത്തിൽപ്പെട്ടവരെ റഫറൽ ആശുപത്രികളായ തൃശ്ശൂരോ കോഴിക്കോടോ മെഡിക്കൽ കോളേജിൽ എത്തിക്കുമ്പോഴേക്കും ആൾ മരിച്ചിരിക്കും. അതുകൊണ്ട് ഇതിനിടയിലുള്ള സ്ഥലങ്ങളിൽ, ഈ തരത്തിലുള്ള അടിയന്തിര ശുശ്രൂഷ കൊടുക്കാനാവശ്യമായ ട്രോമാകെയർ യൂണിറ്റുകൾ അനുവദിക്കണം. ട്രോമാകെയർ യൂണിറ്റുകൾ അനുവദിച്ച സ്ഥലത്തുപോലും ഇതുവരെ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. കോഴിക്കോട് 1.2 കോടി രൂപ അനുവദിച്ചു എന്നു പറഞ്ഞു. ഈ ട്രോമാകെയർ യൂണിറ്റുകൾ മൂന്നു താലൂക്കാശുപത്രികളിലും അനുവദിച്ചിട്ട് വളരെ നാളുകളായി. യാതൊരു നടപടിയും ഉണ്ടായിട്ടില്ല. അതുകൊണ്ട് ട്രോമാകെയർ യൂണിറ്റുകൾ സ്ഥാപിച്ച് ഈ ആശുപത്രികൾ സ്ട്രെങ്തൻ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : കോഴിക്കോട് മെഡിക്കൽ കോളേജിലേയും തൃശ്ശൂർ മെഡിക്കൽ കോളേജിലേയും ട്രോമാകെയർ യൂണിറ്റുകളുടെ പ്രവർത്തനം മൂന്നു മാസത്തിനുള്ളിൽ ആരംഭിക്കാൻ കഴിയും, അതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഒട്ടേറെ സ്ഥലങ്ങളിൽ അപകടങ്ങളുണ്ടാകുമ്പോൾ ട്രോമാകെയർ യൂണിറ്റുകൾ അടുത്തൊന്നുമില്ലാത്തതുകൊണ്ട് അപകടത്തിൽപ്പെട്ട ആളുകളെ ഹോസ്പിറ്റലിൽ എത്തിക്കുന്നതിനുമുമ്പുതന്നെ മരണപ്പെട്ടുപോകുന്ന സംഭവങ്ങളുണ്ടായിട്ടുണ്ട്. പക്ഷേ ഗവൺമെന്റിന്റെ പരിമിതികൾ നമുക്കറിയാം. എല്ലാ പ്രദേശത്തും ട്രോമാകെയർ യൂണിറ്റുകൾ തുടങ്ങാൻ ഗവൺമെന്റിന് സാമ്പത്തിക പരിമിതികളുണ്ട്.

ശ്രീ. തോമസ് ചാഴികാടൻ : കോട്ടയം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി ഈ ഗവൺമെന്റ് വളരെ താല്പര്യം എടുക്കുന്നുണ്ട്. 31 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ അവിടെ നടക്കുന്നുണ്ട്. ആറു മാസങ്ങൾക്കുമുമ്പ് അവിടെ മഞ്ഞപ്പിത്തമുണ്ടായപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യവകുപ്പുമന്ത്രിയും ജലസേചന വകുപ്പുമന്ത്രിയും നേരിട്ട് ഇടപെട്ട് വളരെ കാര്യങ്ങൾ നടത്തിയിട്ടുണ്ട്. മെഡിക്കൽ കോളേജിൽ ഹൃദ്രോഗ ചികിൽസയ്ക്ക് വളരെ വിദഗ്ദ്ധരായിട്ടുള്ള ഡോക്ടർമാരുണ്ട്. ഓപ്പൺ ഹാർട്ട് സർജറിയുൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യാൻ കഴിയും. പക്ഷെ അവിടെയൊരു കാത്ത് ലാബ് ഇല്ലാത്തതുകൊണ്ട് വരുന്ന രോഗികളെ മറ്റാശുപത്രികളിലേക്ക് ഓപ്പൺ സർജറിക്കായി അയക്കേണ്ട ഒരു സാഹചര്യമുണ്ട്. ബഹുമാനപ്പെട്ട മുഖ്യ മന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ ഇത് അവിടെ അവതരിപ്പിക്കുകയും 275 ലക്ഷം രൂപ ചെലവു വരുന്ന ഈ പദ്ധതിക്ക് 200 ലക്ഷം രൂപ എസ്. ബി. ഐ. വായ്പ നൽകാമെന്ന് സമ്മതിക്കുകയും ചെയ്തിരുന്നു. 75 ലക്ഷം രൂപ ഗവൺമെന്റിൽ നിന്നും കോൺട്രിബ്യൂട്ടു ചെയ്യുമെന്നാണ് അന്നത്തെ യോഗത്തിലെ തീരുമാനം. 25 ലക്ഷം രൂപ ഇപ്പോൾ ബഡ്ജറ്റിലുണ്ട്. ബാക്കി രൂപ കൂടി അനുവദിക്കാമെന്നു പറഞ്ഞിട്ടുണ്ടെങ്കിലും ഇതിനാവശ്യമായ ഭരണാനുമതി നൽകാത്തതുകൊണ്ട് ആ പദ്ധതി ഇതുവരെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഈ കാര്യം ബഹുമാനപ്പെട്ട മുഖ്യ മന്ത്രിക്കും മന്ത്രിക്കുമൊക്കെ അറിയാവുന്ന കാര്യമാണ്. കാത്ത് ലാബിനുള്ള ഭരണാനുമതി നൽകി, എത്രയും വേഗം ഇത് നടപ്പിലാക്കാൻ ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശം നൽകണം, അതിനുള്ള നടപടികൾ സ്വീകരിക്കണം. അതു പോലെ നമ്മുടെ എച്ച്. ഡി. സി. കളെല്ലാം ഇപ്പോൾ പിരിച്ചുവിട്ടിരിക്കുകയാണ്. അവ പുനഃസംഘടിപ്പിച്ച്, പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ശരിയാണ്. കോട്ടയത്ത് ഒരു കാത്ത് ലാബ് ആവശ്യമാണ്. അതിന് ബഡ്ജറ്റിൽ 25 ലക്ഷം രൂപയുണ്ട്. ബാക്കി 200 ലക്ഷം രൂപ എസ്. ബി. ഐ. തരാമെന്ന് പറഞ്ഞിട്ടുണ്ട്. 50 ലക്ഷം രൂപ കൂടി വേണം. ബഹുമാനപ്പെട്ട മെമ്പറും മുഖ്യമന്ത്രിയും ഇക്കാര്യത്തിൽ താല്പര്യമെടുക്കുന്നുണ്ട്. നമുക്ക് ഇക്കാര്യം പരിശോധിച്ച് എന്തു ചെയ്യാൻ കഴിയുമെന്ന് വളരെ താമസിയാതെ തീരുമാനമെടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ് : മെഡിക്കൽ കോളേജിൽ നിന്നും പഠിച്ചു പുറത്തുവരുന്ന ബിരുദ വിദ്യാർത്ഥികളെ ഗവൺമെന്റ് റൂറൽ സർവ്വീസിലേക്ക് പോസ്റ്റു ചെയ്തു എന്നും, അവർ പി. എസ്. സി. ലിസ്റ്റ് ഉണ്ടെന്ന കാരണം പറഞ്ഞ് കോടതിയിൽ പോയെന്നും കോടതി ഇടപെട്ടുവെന്നും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. 1999-ൽ പ്രോസ്പെക്ടസ്സിൽ ഭേദഗതി വരുത്തിക്കൊണ്ട് പഠന ത്തിന്റെ ഭാഗമായി റൂറൽ ഏരിയയിൽ പോകണമെന്ന വ്യവസ്ഥയിലാണ് അവർക്ക് പ്രവേശനം കൊടുത്തത്. 1999-ൽ എടുത്ത തീരുമാനമാണ്. ഹൈക്കോടതി യിൽ ഇക്കാര്യം ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടോ ? ബോദ്ധ്യപ്പെടുത്തിയിട്ടും ഹൈക്കോടതി ഇക്കാര്യത്തിൽ ഗവൺമെന്റിനെതിരായിട്ട് വിധിച്ചുവെങ്കിൽ സുപ്രീം കോടതിയിൽ ഇതു സംബന്ധിച്ച് അപ്പീൽ കൊടുത്തിട്ടുണ്ടോ ? . റൂറൽ സർവ്വീ സിൽ പ്രവർത്തിക്കണമെന്ന് പ്രോസ്പെക്ടസ്സിൽ, 1999-ൽ രേഖപ്പെടുത്തിയത് നടപ്പാക്കുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ ഇപ്പോഴത്തെ നയമെന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : ഗവൺമെന്റിന്റെ നയം വളരെ വ്യക്ത മാണ്. ഹൗസ് സർജൻസി കഴിഞ്ഞിട്ടുള്ള ഡോക്ടർമാർ bonded obligation ഉള്ളവരാണ്. bonded obligation ഉള്ളവർ നിർബന്ധമായും difficult rural area-യിൽ വർക്ക് ചെയ്യണമെന്നുള്ളതുതന്നെയാണ് ഗവൺമെന്റിന്റെ നയം. ഇക്കാര്യം ഹൈക്കോടതിയിൽ ബോദ്ധ്യപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

ശ്രീ. പി. ടി. തോമസ് : സർ, മെഡിക്കൽ കോളേജ് ആശുപത്രികളിലെ അപര്യാപ്തതയെ സംബന്ധിച്ചാണ് ഭരണപക്ഷത്തുള്ള മെമ്പർമാരും പ്രതിപക്ഷ ത്തുള്ള മെമ്പർമാരും ഇവിടെ ചൂണ്ടിക്കാണിച്ചത്. ഞാൻ ഇവിടെ ഉന്നയിക്കുന്നത് ശ്രീ. കെ. മോഹൻകുമാർ ചൂണ്ടിക്കാണിച്ച കാര്യത്തെക്കുറിച്ചാണ്. യഥാർത്ഥ ത്തിൽ എല്ലാ സൗകര്യങ്ങളുമുണ്ടായിട്ടും മെഡിക്കൽ കോളേജ് ആശുപത്രികളിൽ ആവശ്യത്തിനുള്ള ചികിത്സ കിട്ടുന്നില്ലെന്നുള്ളതാണ് സത്യം. ഇതിന്റെ പ്രധാന പ്പെട്ട കാരണം അഡ്മിനിസ്ട്രേഷനിലുള്ള തകരാറാണ്. അതൊഴിവാക്കുന്നതി നുവേണ്ടി ഹോസ്പിറ്റൽ മാനേജുമെന്റിൽ വിദഗ്ദ്ധരായ ആളുകളെ മെഡിക്കൽ കോളേജുകളുടെ ഭരണവും ചുമതലയും ഏൽപ്പിക്കാനുള്ള നടപടി സ്വീകരി ക്കുമോ ? ഡി. എം. ഒ. ആയിട്ട് ഡോക്ടർമാർ ഇരുന്നോട്ടെ. രണ്ടാമത്തെ കാര്യം ഇവിടെ ശ്രീ. എ. സി. ഷൺമുഖദാസ് ചൂണ്ടിക്കാണിച്ചതിന് അനുബന്ധമായി സൗജന്യമായി സർക്കാർ ഫീസിൽ മെഡിക്കൽ കോളേജിൽ കുട്ടികളെ പഠിപ്പിക്കു മ്പോൾ ആ കുട്ടികൾ മൂന്നു വർഷത്തേക്കെങ്കിലും നിർബന്ധമായും നാട്ടിൻപുറ ങ്ങളിലെ ഹോസ്പിറ്റലുകളിൽ സേവനമനുഷ്ഠിക്കണമെന്ന എഗ്രിമെന്റിൽ അവരെ ക്കൊണ്ട് ഒപ്പുവയ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) : സർ, ഹൗസ് സർജൻസി കഴിഞ്ഞവർക്ക് മൂന്നു വർഷത്തെ bonded obligation ഉണ്ട്. ബോണ്ട് വച്ചിട്ടുണ്ട്. അതുപ്രകാരം അവർ നിർബന്ധമായും റൂറൽ ഏരിയകളിൽ സർവ്വീസ് ചെയ്യാൻ ബാദ്ധ്യസ്ഥരാണ്. പക്ഷെ ഹൈക്കോടതി അവരെ relieve ചെയ്തു. അതുപോലെ മാനേജുമെന്റിന്റെ കാര്യം ബഹുമാനപ്പെട്ട മെമ്പർ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞത് വളരെ നല്ല നിർദ്ദേശമാണ്. പക്ഷെ അത് ഡിപ്പാർട്ടുമെന്റിൽ എന്തു പ്രതികരണമുണ്ടാക്കുമെന്ന് എനിക്ക് പറയാൻ പറ്റില്ല. വളരെ നല്ല നിർദ്ദേശമാണ്.

ശ്രീ. ബിനോയ് വിശ്വം : സർ, ആരോഗ്യരംഗത്ത് കേരളത്തിന്റെ നേട്ടം പണ്ട് ലോകത്തെയെല്ലാം അമ്പരപ്പിച്ചിരുന്നു. എന്നാൽ ആ കാലമെല്ലാം പോയി. ആരോഗ്യ രംഗത്ത് ഇന്ന് കേരളത്തിന്റെ എല്ലാ നേട്ടങ്ങളും ഓരോന്നോരോന്നായി കുഴിച്ചുമൂടപ്പെടുകയാണ്. പുതിയ പുതിയ രോഗങ്ങൾ പിടിപെടുകയാണ്. അങ്ങനെ രോഗം പിടിപെടുമ്പോൾ അത് ചികിൽസിക്കാനുള്ള മരുന്നില്ല. ഇപ്പോൾ നമ്മുടെ നാട്ടിൽ വ്യാപകമായി പനി പടർന്നു പിടിച്ചിരിക്കുകയാണ്. പനി ബാധിച്ച് ആളുകൾ മരിക്കുന്നു. എലിപ്പനി ഉണ്ടാകുന്നു. എലിപ്പനിപിടിച്ച് ആളുകൾ മരിക്കുന്നു. പേപ്പട്ടി വിഷബാധയ്ക്കുള്ള മരുന്ന് ഇവിടെയില്ല. നിശ്ചയിക്കുന്ന ഫണ്ട് പോലും ഇപ്പോൾ എല്ലായിടത്തും കിട്ടുന്നില്ല. ആ ചുറ്റുപാടിൽ ജീവൻരക്ഷാ മരുന്നുകളെങ്കിലും പാവപ്പെട്ട ആളുകൾക്ക് ലഭ്യമാക്കാനുള്ള സംവിധാനങ്ങളുണ്ടാക്കുമോ ? അതല്ലാതെ അത് ചെയ്യാൻ പോകുന്നു അതിന് ഇത്രകോടി രൂപ; ഇത് ചെയ്യാൻ പോകുന്നു ഇതിന് ഇത്രകോടി രൂപ എന്നുള്ള വർത്തമാനം നിർത്തിയിട്ട് പനിപിടച്ച് കിടക്കുന്ന ആളുകളും പേപ്പട്ടി കടിയേറ്റ് കിടക്കുന്ന ആളുകളും മരിക്കാതിരിക്കാൻ, ജീവൻ രക്ഷാ മരുന്നുകൾ ലഭ്യമാക്കാനാവശ്യമായ ഫണ്ട് കൊടുക്കാനുള്ള നിർദ്ദേശമുണ്ടാകുമോയെന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, പുകമറ വരുത്തിക്കൊണ്ടുള്ള പ്രചരണത്തിന് അടിസ്ഥാനമില്ല. ഇവിടെ ആവശ്യത്തിനുള്ള മരുന്ന് എല്ലാ സ്ഥലങ്ങളിലുമുണ്ട്. അഥവാ ഇല്ലെങ്കിൽ ലോക്കൽ പർച്ചേസ് ചെയ്യാനാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. എച്ച്. ഡി. സി.-ക്ക് മരുന്നു വാങ്ങാനുള്ള അധികാരം കൊടുത്തിട്ടുണ്ട്. ചില ഒറ്റപ്പെട്ട പ്രദേശങ്ങളിൽ മരുന്നിന്റെ കുറവ് ഇല്ലെന്ന് ഞാൻ പറയുന്നില്ല. ആ പ്രദേശങ്ങളിലെ കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുമ്പോൾ അപ്പോൾത്തന്നെ അവിടെ മരുന്നു കൊടുക്കാനുള്ള നടപടികളുണ്ട്. പൊതുവെ കേരളത്തിൽ എവിടേയും മരുന്നില്ലെന്ന പരാതി ഇല്ല. എല്ലാ കേന്ദ്രങ്ങളിലും ആവശ്യത്തിന് മരുന്നുണ്ട്.

ശ്രീ. എ. സുജനപാൽ : സർ, ബഹുമാനപ്പെട്ട മന്ത്രിതന്നെ മുൻകൈയെടുത്ത് കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒരുപാട് വികസന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ രണ്ട് കാര്യങ്ങളാണ് ചെയ്യാനുള്ളത്. ഒന്ന് 12 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച സൂപ്പർ സ്പെഷ്യാലിറ്റി കോംപ്ലക്സിന്റെ പണി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. രണ്ടാമത്തെ കാര്യം മാലിന്യ സംസ്ക്കരണത്തിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം. ആശുപത്രിയുടെ ചുറ്റുമുള്ള വീടുകളിലെ പെൺകുട്ടികൾക്ക് വിവാഹാലോചന പോലും വരാത്ത സാഹചര്യമുണ്ട്. ആ വീടുകൾക്ക് ചുറ്റും നിറയെ മാലിന്യങ്ങളാണ്. എത്രയോ വർഷങ്ങളായി അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസമാണിത്. ഇതെല്ലാം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന കാര്യമാണ്. അതുകൊണ്ട് മാലിന്യം സംസ്ക്കരിക്കാനുള്ള അടിയന്തിര

LIBRARY ARCHIVES Kerala Legislative Assembly

നടപടി സ്വീകരിക്കണം. അതുപോലെ സൂപ്പർ സ്പെഷ്യാലിറ്റി കോംപ്ലക്സിന്റെ നിർമ്മാണ പൂർത്തീകരണത്തിനും അടിയന്തിര നടപടി ഗവൺമെന്റ് സ്വീകരിക്കണം.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, സൂപ്പർ സ്പെഷ്യാലിറ്റി കോംപ്ലക്സിന്റെ പണി പൂർത്തീകരിക്കാനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് വളരെ വേഗം പൂർത്തിയാക്കാനുള്ള ലക്ഷ്യംവച്ചു കൊണ്ട് ഒരു സ്പെഷ്യൽ ഓഫീസറെത്തന്നെ വച്ചിട്ടുണ്ട്. ആ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിലാണ് ഈ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. അതിനാവശ്യമായ എക്യുപ്മെൻറ്സ് വാങ്ങാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഡിസംബർ അവസാനത്തോടുകൂടി കോഴിക്കോട് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പൂർത്തീകരിച്ച് പ്രവർത്തനമാരംഭിക്കണമെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. അത് ഡിസംബർ മാസത്തിൽത്തന്നെ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റിന്റെ പ്രതീക്ഷ. മറ്റൊന്ന് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ കാര്യമാണ്. ഹഡ്കോയോട് വേസ്റ്റ് വാട്ടർ ട്രീറ്റ്മെൻറ് പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ടി ഒമ്പത് കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. ഹഡ്കോയുടെ ലോൺ കിട്ടുന്ന മുറയ്ക്ക് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി ആരംഭിച്ച് പൂർത്തീകരിക്കാൻ കഴിയും.

ശ്രീ. എ. കെ. ബാലൻ : സർ, അതീവ ഗുരുതരമായ ഒരു പ്രശ്നമാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. നമ്മുടെ സംസ്ഥാനത്ത് 636 എയ്ഡ്സ് രോഗികളാണ് നാല് വർഷംകൊണ്ട് മരിച്ചത്. എച്ച്. ഐ. വി. പോസിറ്റീവ് ബാധിച്ച രോഗികളുടെ എണ്ണം ഒരു ലക്ഷത്തോളമായി. ഡെങ്കിപ്പനി മൂലം 45 പേർ മരിച്ചു. ജപ്പാൻ ജ്വരംമൂലം അഞ്ചുപേർ മരിച്ചു. എലിപ്പനിമൂലം 520 പേർ മരിച്ചു. ഹെപ്പറ്റൈറ്റിസ് 'എ' മൂലം 32 പേർ മരിച്ചു, ഹെപ്പറ്റൈറ്റിസ് 'ബി' മൂലം 42 പേർ മരിച്ചു. എന്റെ ചോദ്യം അനീമിയ മുതൽ ബ്ലഡ് ക്യാൻസർ വരെയുള്ള, രക്തത്തെ ബാധിക്കുന്ന രോഗങ്ങൾ കണ്ടു പിടിക്കുന്നതിനും ചികിൽസിക്കാനുമുള്ള പ്രധാനപ്പെട്ട ഒരു ഡിപ്പാർട്ടുമെന്റാണ് Haematology Department. നിർഭാഗ്യവശാൽ കേരളത്തിലെ ഒരു മെഡിക്കൽ കോളേജിലും DM Haematologists പ്രവർത്തിക്കുന്നില്ല. രക്തവുമായി ബന്ധപ്പെട്ടാണ് ഇപ്പോൾ രോഗങ്ങൾ വരുന്നത്. അതിപ്പോൾ കൾച്ചർ ചെയ്യാനും രോഗങ്ങളെപ്പറ്റി മനസ്സിലാക്കാനും കഴിയുന്നില്ല. ഇപ്പോൾ രക്തവുമായി ബന്ധപ്പെട്ട് ലക്ഷക്കണക്കിന് രോഗികളാണുള്ളത്. ഇത്തരം രോഗികളെ രക്ഷിക്കുന്നതിന് ഈ Haematology Department-ന് പ്രത്യേകമായി എന്തെങ്കിലും തുക നീക്കിവച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ ഇതിനുള്ള ശ്രമം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, Haematology Department-ന്റെ കാര്യം വളരെ സീരിയസ്സാണ്. ഇക്കാര്യം തീർച്ചയായും പരിശോധിക്കുന്നതാണ്. വളരെ താമസിയാതെതന്നെ എന്ത് ചെയ്യാൻ കഴിയുമെന്ന് തീരുമാനിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മമ്മൂട്ടി : സർ, മെഡിക്കൽ കോളേജുകളിൽ തിരക്കു കൂടുന്നതിന്റെ പ്രധാനപ്പെട്ട ഒരു കാരണം Peripheral Hospital ശക്തിപ്പെടാത്തതു കൊണ്ടാണ്. Peripheral Hospital-കളിൽ ആളുകൾ പോകുന്നില്ലെന്ന് അങ്ങു തന്നെ പറഞ്ഞു. ആളുകൾ പോകാത്തതിനു കാരണം അവിടെ കെട്ടിടമില്ല, സൗകര്യങ്ങളില്ല. ഉദാഹരണത്തിന് കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ അങ്ങേക്ക് അറിയാമല്ലോ. അവിടെ ഒരു ഡോക്ടറും 500 രോഗികളുമാണ് വരുന്നത്. അപ്പോൾ എങ്ങനെ അവിടെ പോകാൻ പറ്റും? മനോഹരമായ കെട്ടിടമുണ്ട്. അവിടെ ഡോക്ടറില്ല പി. എസ്. സി. വഴി ജോയിൻ ചെയ്ത ഡോക്ടർമാർ അവിടെ വരാൻ തയ്യാറാകുന്നില്ലെന്നാണ് പറയുന്നത്. സ്വകാര്യ ആശുപത്രിയിൽ 25,000 രൂപയാണ് ഡോക്ടർമാരുടെ ശമ്പളം. അതുകൊണ്ട് ഗവൺമെന്റ് അവർക്ക് 15,000 രൂപയെങ്കിലും ശമ്പളം കൊടുക്കാൻ തയ്യാറാകുകയോ അല്ലെങ്കിൽ കോഴ്സിന്റെ ഭാഗമാക്കിക്കൊണ്ട് കോഴ്സ് പൂർത്തീകരിക്കുന്ന ഡോക്ടർമാരെ നിയമിച്ചുകൊണ്ട് ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയോ ചെയ്യണം. ഒരു ഡോക്ടർ മാത്രമുള്ള കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, ഞാൻ ഇവിടെ നേരത്തെ പറഞ്ഞു ഡോക്ടർമാരെ ഗവൺമെന്റ് പോസ്റ്റ് ചെയ്യാത്തതുകൊണ്ടല്ല. ഡോക്ടർമാരെ കിട്ടുന്നില്ല. എല്ലാ Peripheral Hospital-ലുകളിലും ഡോക്ടർമാർ ഇല്ലെന്ന് പറയുന്നതിൽ അർത്ഥമില്ല. ചില Peripheral Hospital കളിൽ ഡോക്ടർമാർ ഇല്ല. ഈ അടുത്ത ദിവസം പോസ്റ്റ് ചെയ്തിട്ടുണ്ട്. എത്ര യാളുകൾ വന്ന് ജോയിൻ ചെയ്യുന്നു എന്ന് പറയാൻ പറ്റുകയില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ് അവർക്ക് കിട്ടുന്ന വേതനം താരതമ്യേന കുറവാണ്. സ്വകാര്യ ആശുപത്രികളിൽ കൂടുതൽ വേതനം കിട്ടും. പക്ഷെ ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ടേ അവരുടെ വേതന വർദ്ധനവ് നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

ശ്രീ. ജോണി നെല്ലൂർ : സർ, നമ്മുടെ സംസ്ഥാനത്ത് നിർഭാഗ്യവശാൽ ക്യാൻസർ രോഗികൾ വളരെ കൂടുതലാണ്. അവർക്ക് അഭിമാനകരമായി ചികിത്സ കൊടുക്കാൻ കഴിയുന്നത് ഇവിടത്തെ റീജിയണൽ ക്യാൻസർ സെന്ററിലാണ്. ഇപ്പോൾ ധാരാളം രോഗികൾ റേഡിയേഷൻ എടുക്കാൻ വേണ്ടി കോട്ടയം മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിൽ എത്താറുണ്ട്. എന്നാൽ അവിടെ വേണ്ടത്ര സൗകര്യമില്ല. റേഡിയേഷൻ എടുക്കാൻവേണ്ടി കോട്ടയം മെഡിക്കൽ കോളേജിൽ രോഗികൾ ചെന്നാൽ ക്യൂവാണ്. അടുത്ത മാസമല്ലെങ്കിൽ അതിനടുത്ത മാസംവരെയുള്ള സമയം വേണ്ടിവരും അതുകൊണ്ട് അവർക്ക് ഫലപ്രദമായ ചികിൽസ കിട്ടാൻ മെഡിക്കൽ കോളേജുകളിലെ സൗകര്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, അത് തീർച്ചയായിട്ടും ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. സി. രാമൻ : സർ, ഏഷ്യയിൽ ഏറ്റവും കൂടുതൽ പ്രസവം നടക്കുന്നത് കോഴിക്കോട് എം. സി-യിലാണ്. വർഷത്തിൽ 25,000 സ്ത്രീകളുടെ പ്രസവം നടക്കുന്നുണ്ടെന്നാണ് റിപ്പോർട്ട് ചെയ്യുന്നത്. അതുകൊണ്ട് അവിടെ വളരെ തിരക്കനുഭവപ്പെടാറുണ്ട്. എനിക്ക് സൂചിപ്പിക്കാനുള്ളത് ഈ തിരക്ക് കുറയ്ക്കുന്നതിനുവേണ്ടി ഇപ്പോൾ പ്രവർത്തി മുടങ്ങിക്കിടക്കുന്ന സിൽവർ ജൂബിലി ബ്ലോക്കിന്റെ പണി എത്രയും പെട്ടെന്ന് പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു.

ശ്രീ. പി. സി. ജോർജ് : സർ, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഞാൻ ചോദിച്ച ചോദ്യത്തിന് ഇതുവരെ മറുപടി തരാത്ത കാര്യക്ഷമതയുള്ള ബഹുമാനപ്പെട്ട മന്ത്രിയാണ് ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ എന്ന് എനിക്കറിയാം. എങ്കിലും ഞാൻ ചോദിക്കുകയാണ്. തിരുവനന്തപുരം ഉൾപ്പെടെയുള്ള മെഡിക്കൽ കോളേജുകളോട് അനുബന്ധിച്ച് അവയുടെ സമീപത്തായി പ്രൈവറ്റ് സ്കാനിംഗ് സെന്ററുകളുടെ എണ്ണം കൂടുകയാണ്. എനിക്ക് അടുത്ത കാലത്ത് ഉണ്ടായ അനുഭവം വച്ച് പറയുകയാണ്. അവിടെ 6,000 രൂപ മുതൽ 8,000 രൂപ വരെയാണ് സ്കാനിംഗിനുവേണ്ടി വാങ്ങിക്കുന്നത്. ഡോക്ടർമാർക്ക് ഇതിൽ കമ്മീഷനുണ്ട്. സ്കാനിംഗ് കേസ്സുകളിൽ പകുതിയും ഡോക്ടർമാർ വെറുതെ എഴുതി കൊടുക്കുന്നതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ഗവൺമെന്റ് എല്ലാ മെഡിക്കൽ കോളേജുകളിലും സ്കാനിംഗ് മെഷീൻ വാങ്ങിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സർ, പല വിധത്തിലുള്ള സ്കാനിംഗ് ഉണ്ട്. സി. ടി. സ്കാൻ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ഉണ്ട്. എം. ആർ. ഐ. സ്കാനിന്റെ കാര്യം ഞാൻ ഇവിടെ പറഞ്ഞു. കോഴിക്കോട് മെഡിക്കൽ കോളേജിലും അതുപോലെ തിരുവനന്തപുരം മെഡിക്കൽ കോളേജിലും സ്ഥാപിക്കേണ്ടതുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഭരണാനുമതി നൽകി കഴിഞ്ഞു. എം. ആർ. ഐ. സ്കാനിംഗിനാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 6,000 രൂപയും 8,000 രൂപയും ഒക്കെ വാങ്ങുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മിക്കവാറും രണ്ടാഴ്ചയ്ക്കുള്ളിൽ ഭരണാനുമതി നൽകും. അപ്പോൾ ഈ രണ്ട് മെഡിക്കൽ കോളേജുകളിലും എം. ആർ. ഐ. സ്കാൻ ഉണ്ടാകും. മറ്റു മെഡിക്കൽ കോളേജുകളിൽ ഇത് അനുവദിക്കുന്ന കാര്യം സാമ്പത്തിക സ്ഥിതി അനുസരിച്ച് ഗവൺമെന്റ് പരിശോധിക്കും.

പ്രൊഫസർ എ. ഡി. മുസ്തഫ : സർ, സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരെ ലഭ്യമാക്കുന്നതിന് നിയമാനുസൃതമായ വല്ല നടപടിയും ആലോചിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ഡോക്ടർമാരെ അറസ്റ്റ് ചെയ്ത് കൊണ്ടുപോയി ജോലി ചെയ്യിപ്പിക്കാനുള്ള അധികാരം ഗവൺമെന്റിനില്ല. ഡോക്ടർമാരെ പോസ്റ്റ് ചെയ്യാം. അവർ പോയി ജോയിൻ ചെയ്തില്ലെങ്കിൽ അവരുടെ പേരിൽ നടപടി എടുക്കാനുള്ള അധികാരം ഗവൺമെന്റിനില്ല.

ശ്രീ. കെ. പി. മോഹനൻ : സർ, ഇവിടെ ശ്രീ മത്തായി ചാക്കോയും ശ്രീ. യു.സി. രാമനും പറഞ്ഞതുപോലെ ഇന്ത്യയിലെ തന്നെ, ഏറ്റവും കൂടുതൽ ഗർഭിണികൾ പ്രവേശിപ്പിക്കപ്പെടുന്ന ആശുപത്രിയാണ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി. അവിടെ 64 കിടക്കകളുള്ള വാർഡാണ് ഉള്ളത്. 100-ഉം 150-ഉം 200-ഉം ഗർഭിണികൾ അവിടെ കിടക്കുകയാണ്. അത് മാത്രമല്ല എം. ബി. ബി. എസ്., എം. ഡി. എന്നീ സെമസ്റ്റർ പരീക്ഷ നടക്കുമ്പോൾ ഗർഭിണികളെ പുറത്ത് വരാന്തയിൽ കിടത്തുകയാണ്. അതുകൊണ്ട് പരീക്ഷ നടത്തുമ്പോൾ രോഗികളെ കിടത്താൻവേണ്ടി പ്രത്യേക ക്ലിനിക് ഏർപ്പെടുത്താൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : ആ കാര്യം പരിശോധിക്കാവുന്നതാണ്.

സ്റ്റേറ്റ് അർബൻ ഡവലപ്മെന്റ് പ്രോജക്ട്

*2. [126] ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. വി. കെ. സി. മമ്മത്കോയ :

„ സാജു പോൾ :

„ എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് അർബൻ ഡവലപ്മെന്റ് പ്രോജക്ട് എന്ന പേരിൽ പുതിയ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി എ. ഡി. ബി. യിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ ; എ. ഡി. ബി. ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടിഅഹമ്മദ്കുട്ടി): സർ,

(എ) പ്രസ്തുത പേരിൽ ഒരു പദ്ധതി നിലവിലില്ല. എന്നാൽ എ. ഡി. ബി. ധനസഹായത്തോടെ കേരളത്തിലെ 5 മുനിസിപ്പൽ കോർപ്പറേഷനുകളുടെ സുസ്ഥിര വികസനം ലക്ഷ്യമിടുന്ന കേരള സസ്റ്റെനബിൾ അർബൻ

LIBRARY ARCHIVES Kerala Legislative Assembly